# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2360

13.02.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക് നടപ്പുസാമ്പത്തികവർഷത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) 63 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന എല്ലാത്തരം കാർഷിക വായ്പകളും, വ്യവസായിക, ഭവന, ഗ്രാമീണ മേഖലകൾക്ക് പ്രാധാന്യം നൽകി ദീർഘകാല കാർഷികേതര വായ്പകൾ കൂടുതലായി നൽകി വരുന്നു. അതോടൊപ്പം അംഗങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് നിക്ഷേപ സമാഹരണ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) നടപ്പുസാമ്പത്തികവർഷം എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 1650 കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1175 കോടി രൂപ ദീർഘകാല വായ്പയും, 475 കോടി രൂപ ഹ്രസ്വകാല വായ്പയും ആണ് വിതരണം ചെയ്യുവാനുദ്ദേശിക്കുന്നത്. |
| (സി) കാർഷികാനുബന്ധപ്രവർത്തനങ്ങൾക്കും ഗ്രാമീണവ്യവസായങ്ങൾക്കും എത്ര കോടി രൂപയാണ് വായ്പ നൽകുന്നത്; വിശദമാക്കുമോ? | (സി) ഈ സാമ്പത്തിക വർഷം കാർഷിക-കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് 482.50 കോടി രൂപയും ഗ്രാമീണ വ്യവസായങ്ങൾക്ക് 467.50 കോടി രൂപയും, ഭവന നിർമ്മാണാവശ്യങ്ങൾക്ക് 700 കോടി രൂപയും വായ്പ നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ